## കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് — പെരിന്തൽമണ്ണ നഗരസഭയുടെ 2010-11,2011-12 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-19-പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ 20554 രൂപയുടെ(ഇരുപതിനായിരത്തി അഞ്ഞൂറ്റി അൻപത്തി നാല് രൂപ മാത്രം) ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

സ.ഉ (സാധാ) നം. 2066/2016/തസ്വഭവ. തിരുവനന്തപുരം, തീയതി: 04/07/2016

---

പരാമർശം:- 1) നഗരകാര്യ ഡയറക്ടറുടെ ലെ 16/03/2014, 02/03/2016 തീയതികളിലെ എഫ്2/19074/2014 നമ്പർ കത്ത്.

2) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 20/06/2015 തിയതിയിലെ 5669/എം.എൽ3/2015 നമ്പർ കത്ത്.

3) 28/07/2015 ലെ എ.ബി1/331/2015/ത.സ്വ.ഭ.വ-ാം നമ്പർ സർക്കാർ കത്ത്.

## ഉത്തരവ്

പെരിന്തൽമണ്ണ നഗരസഭയുടെ 2010-11,2011-12 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-19 പ്രകാരം "വികലാംഗർക്ക് ഉപകരണങ്ങൾ നൽകൽ" എന്ന പദ്ധതിയനുസരിച്ച് സബ്സിഡി മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് കണ്ണട വാങ്ങുന്നതിനായി ചെലവുചെയ്ത 20,554/-രൂപ(ഇരുപതിനായിരത്തി അഞ്ഞൂറ്റി അൻപത്തി നാല് രൂപ മാത്രം) ആഡിറ്റ് തടസ്സപ്പെടുത്തിയിരുന്നു.

ടി വിഷയത്തിൽ പെരിന്തൽമണ്ണ നഗരസഭാ കൗൺസിലിന്റെ 30/09/2014-ലെ 4-ാം നമ്പർ തീരുമാനം, ആഡിറ്റ് പരാമർശത്തിന്റെ പകർപ്പ് , നിർവ്വഹണോദ്യോഗസ്ഥയുടെ വിശദീകരണം എന്നിവ സഹിതം സർക്കാർ സാധൂകരണം നൽകുന്നതിനായിനഗരകാര്യ ഡയറക്ടർ മുഖേന പരാമർശം( 1) പ്രകാരം പെരിന്തൽമണ്ണ നഗരസഭ സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം കാഴ്ചശക്തിയില്ലാത്തവർക്ക് ഡോക്ടറുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ മാത്രമാണ്ആനുകൂല്യം ലഭിച്ചിട്ടുളളത് എന്നും ഗുണഭോക്താക്കൾക്ക് കാഴ്ചശക്തി വീണ്ടെടുത്ത് തൊഴിൽ ചെയ്ത് ഉപജീവനം നടത്തുന്നതിന് പ്രാപ്തമായിട്ടുണ്ട് എന്നും കൗൺസിൽ തീരുമാനത്തിലും നിർവ്വഹണോദ്യോഗസ്ഥയുടെ വിശദീകരണത്തിലും വ്യക്തമാക്കിയിട്ടുണ്ട്.

ടി വിഷയത്തിൽ പരാമർശം(2)പ്രകാരം ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ കൗൺസിലിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഖണ്ഡിക 3-19 പ്രകാരമുള്ള ആഡിറ്റ് തടസ്സപ്പെടുത്തിന് സർക്കാർ സാധൂകരണം നല്കുന്ന വിഷയത്തിൽ ആഡിറ്റിന്

എതിരഭിപ്രായമില്ല എന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.സർക്കാർ മാർഗ്ഗരേഖ വ്യതിചലിച്ച് ചെലവുചെയ്ത തുക, പരാമർശം(3)പ്രകാരം തനതുഫണ്ടിൽ നിന്നും സർക്കാരിലേക്ക് തിരിച്ചടയ്ക്കാൻ സർക്കാർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ നഗരസഭയുടെ തനതുഫണ്ടിൽ നിന്നും സർക്കാരിലേക്ക് തിരിച്ചടച്ചിട്ടുള്ളതായി പരാമർശം(1)പ്രകാരം നഗരകാര്യ ഡയറക്ടർ റിപ്പോർട്ടുചെയ്തിട്ടുണ്ട്.ആയതിനാൽ പെരിന്തൽമണ്ണ നഗരസഭയുടെ 2010-11,2011-12 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-19 പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ 20554 രൂപയ്ക്ക്(ഇരുപതിനായിരത്തി അഞ്ഞൂറ്റി അൻപത്തി നാല് രൂപ മാത്രം) സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ഷിബു.എ.ടി
അണ്ടർസെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)

വെബ്&ന്യൂ മീഡിയ,പബ്ലിക് റിലേഷൻ വകുപ്പ്
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ